• തൃശ്ശൂർ ഒഴികെ എല്ലാ മെഡിക്കൽ കോളേജുകളിലും ഇൻസിനറേറ്റർ സ്ഥാപിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇൻസിനറേറ്റർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) & (സി) മലമ്പനി ചില സ്ഥലങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. മലമ്പനിയുടെ ലക്ഷണങ്ങൾ കാണുന്ന എല്ലാവരെയും രക്തപരിശോധനയ്ക്കു വിധേയരാക്കുകയും രോഗം കണ്ടെത്തുന്നവരെ സമ്പൂർണ്ണചികിത്സയ്ക്ക് വിധേയരാക്കുകയും ചെയ്യുന്നുണ്ട്. രോഗം പടർന്നിട്ടുണ്ടോ എന്നറിയാൻ രോഗിയുടെ വീട്ടിലും സമീപപ്രദേശങ്ങളിലുമുള്ളവരെ രക്തപരിശോധനയ്ക്ക് വിധേയരാക്കുന്നു. രോഗം കണ്ടെത്തുന്ന പ്രദേശങ്ങളിൽ കൊതുക് നശീകരണത്തിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുന്നു.

ഐ.സി.എസ്.പി. പ്രോജക്ടുകൾ

118 [2550] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിനുകീഴിൽ ഐ. സി. എസ്. പി. പ്രോജക്ടുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രോജക്ടിന്റെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും വിശദമാക്കാമോ;

(ഡി) ഈ പ്രോജക്ട് ആരംഭിക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും ഈ പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) രോഗവിവരങ്ങൾ പ്രത്യേകിച്ചും പകർച്ചവ്യാധികളും പകർച്ചവ്യാധി കളല്ലാത്ത ക്യാൻസർ, രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങളുടെ റിസ്ക് ഫാക്ടർ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള സ്ഥാപനങ്ങൾ വഴി മെച്ചപ്പെട്ട രീതിയിലും ശാസ്ത്രീയമായും ശേഖരിച്ച് രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. സാംക്രമിക രോഗങ്ങളുടെയും ഇതര രോഗങ്ങളുടെയും വിവരശേഖരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും സമയോചിതമായ രോഗനിയന്ത്രണ

LIBRARY ARCHIVES Kerala Legislative Assembly

പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുക, നിലവിലുള്ള ദേശീയ രോഗനിവാരണ പരിപാടികളുടെ വിവരശേഖരണ സംവിധാനം മെച്ചപ്പെടുത്തുക, ലബോറട്ടറി സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ഇക്കാര്യങ്ങളെ സംബന്ധിച്ചുള്ള പരിശീലന പരിപാടികൾ നടത്തുക, സ്വകാര്യമേഖല ഉൾപ്പെടെയുള്ള പ്രാദേശിക ജില്ലാ സംസ്ഥാന തലങ്ങളിലുള്ള രോഗ വിവരശേഖരണ സംവിധാനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ ഏകോപിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(ഡി) പദ്ധതിയുടെ കർമ്മപരിപാടിയും ബഡ്ജറ്റും തയ്യാറാക്കുന്നതിനായി 2004 ജൂലൈ മാസത്തിൽ ഒരു വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. സ്റ്റേറ്റ് സർവയലൻസ് യൂണിറ്റിനും ജില്ലാ യൂണിറ്റുകൾക്കും ഓരോ കമ്പ്യൂട്ടർവീതം വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഇതിനായി 10,40,250 രൂപ അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പിന് ആവശ്യമായ സ്റ്റാഫിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ദ പുവർ പദ്ധതി

119 [2551] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിനുകീഴിലെ സൊസൈറ്റി ഫോർ ദി അസിസ്റ്റൻസ് ടു ദ പുവർ പദ്ധതിപ്രകാരം എന്ത് തുകയ്ക്കുള്ള എത്ര ചികിത്സാസഹായ അപേക്ഷകൾ നിലവിലുണ്ട്;

(ബി) ഈ പദ്ധതിക്ക് ഏതു വർഷംവരെയുള്ള അപേക്ഷകളാണ് ഇതുവരെ പരിഗണിച്ചത്;

(സി) ഈ സർക്കാരിന്റെ കാലത്ത് എന്ത് തുക ഈ പദ്ധതിപ്രകാരം നൽകിയെന്ന് വർഷംതിരിച്ചുള്ള കണക്ക് നൽകാമോ;

(ഡി) ധനസഹായപദ്ധതി കാര്യക്ഷമമാക്കി യഥാസമയം സഹായം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) നാല് കോടി രൂപയ്ക്കുള്ള 2254 അപേക്ഷകൾ നിലവിലുണ്ട്.

(ബി) 31-3-2005 വരെ ലഭിച്ച അപേക്ഷകൾ പരിഗണിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly